പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.348

27.2.2017 ൽ മറുപടിയ്ക്ക്

## വിഭിന്ന ശേഷിയുള്ള കുട്ടികളുടെ സമഗ്ര വികസനം

ചോദ്യം

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വിഭിന്നശേഷിയുള്ള കുട്ടികളുടെ സമഗ്ര വികാസത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ)സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അംഗപരിമിതരായ/ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>2. ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണവും ശുശ്രൂഷയും വിദ്യാഭ്യാസവും നൽകുന്നതിന് കോഴിക്കോട് ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.<br>3. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ SPACE, Sradha Charitable Society എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി വരുന്നു.<br>വൈകല്യമുള്ള വ്യക്തികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് അംഗപരിമിത മേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള സമഗ്ര ജീവചക്ര സമീപനം സ്വീകരിച്ച് അനുയാത്ര എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിക്കുകയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ Rights of Persons with Disabilities Act, 2016 ന്റെ കീഴിൽ വരുന്ന വൈകല്യങ്ങൾ കൂടി ഉൾപ്പെടുത്തി വൈകല്യം പ്രതിരോധിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും ലക്ഷ്യമിടുന്നു. അനുയാത്രാ ക്യാമ്പയിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു ഡസൻ പദ്ധതികളാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതികൾ അനുബന്ധമായി (I) ചേർക്കുന്നു. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കമോ;<br>(സി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന വ്യക്തമാക്കുമോ? | (ബി) & (സി)<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി(II) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്